# പതിനഞ്ചാം കേരള നിയമസഭ

# പതിനാലാം സമ്മേളനം

2025 ഒക്ടോബർ 6, തിങ്കൾ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

| **മറുപടി നൽകുന്ന മന്ത്രിമാർ** |
|---|
| **ധനകാര്യ വകുപ്പ് മന്ത്രി** |
| **നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി** |
| **വൈദ്യുതി വകുപ്പ് മന്ത്രി** |
| **തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി** |

**<u>കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നടപ്പാക്കുന്ന സംരംഭകത്വ വികസന പദ്ധതി</u>**

*181 **ശ്രീ. പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. ജോബ് മൈക്കിൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന സംരംഭകത്വ വികസന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി പ്രകാരം സംരംഭകർക്ക് എന്തെല്ലാം ഇളവുകളാണ് നൽകുന്നതെന്ന് അറിയിക്കുമോ;

(ബി) കെ. എഫ്. സി. മുഖേന പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപ്പാക്കിയിട്ടുള്ള പ്രത്യേക വായ്പാ പദ്ധതി ആർക്കെല്ലാമാണ് പ്രയോജനപ്പെടുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതി കൂടുതൽ സംരംഭകർക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ?

**<u>കെ. എസ്. എഫ്. ഇ. യുടെ നേട്ടങ്ങൾ</u>**

*182 **ശ്രീ എം രാജഗോപാലൻ**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ വി ജോയി**
**ശ്രീ എം എസ് അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ മിസലേനിയസ് നോൺ ബാങ്കിംഗ് കമ്പനികളിൽ ആദ്യമായി ഒരു ലക്ഷം കോടിയുടെ ബിസിനസ് നേട്ടം കൈവരിക്കുന്നതിന് കെ. എസ്. എഫ്. ഇ. യ്ക്ക്

കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഇത്തരമൊരു നേട്ടം കൈവരിക്കുന്നതിന് സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കെ. എസ്. എഫ്. ഇ. യുടെ ജനകീയ അടിത്തറ വിപുലീകരിക്കുന്നതിനായി ജനോപകാരപ്രദമായ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദാംശം നൽകാമോ?

## <u>കയർ കോൺക്ലേവ്</u>

*183 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീമതി ഒ എസ് അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും വിവിധ പ്രശ്നങ്ങളിൽ സ്വീകാര്യമായ പരിഹാര മാർഗ്ഗങ്ങൾ ആരായുന്നതിനും ലക്ഷ്യമിട്ട് കയർ കോൺക്ലേവ് സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കയർ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി രൂപീകരിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇന്ത്യയ്ക്കുമേൽ അമേരിക്ക ചുമത്തിയിട്ടുള്ള അധിക തീരുവ കയർ മേഖലയിലുണ്ടാക്കാവുന്ന പ്രത്യാഘാതങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് വിവിധയിടങ്ങളിൽ കയർ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## <u>കശുവണ്ടി മേഖലയുടെ ഉന്നമനം</u>

*184 **ശ്രീ എം നൗഷാദ്**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഇറക്കുമതി തീരുവയും കേന്ദ്ര ബജറ്റിലെ അവഗണനയും മൂലം പ്രതിസന്ധിയിലായ കശുവണ്ടി മേഖലയുടെ ഉന്നമനത്തിനായി ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇന്ത്യൻ ഇറക്കുമതി ഉല്പന്നങ്ങളിന്മേൽ അമേരിക്ക ചുമത്തിയിട്ടുള്ള അധികചുങ്കം കശുവണ്ടി മേഖലയെ ഏതൊക്കെ രീതിയിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കശുവണ്ടി മേഖലയുടെ സമഗ്ര പുനരുദ്ധാരണം ലക്ഷ്യമിട്ട് നടത്തിയ പഠനങ്ങൾ ഈ രംഗത്ത് നടപ്പാക്കി വരുന്ന പദ്ധതികൾക്ക് മുതൽക്കൂട്ടായിട്ടുണ്ടോ; വിശദമാക്കുമോ?

**<u>ലോട്ടറി മേഖലയിലെ നികുതി വർദ്ധനവ്</u>**

*185 **ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പാക്കിയിട്ടുള്ള ജി. എസ്. ടി. നിരക്ക് പരിഷ്കരണം സംസ്ഥാനത്തെ ലോട്ടറി മേഖലയിൽ നികുതി വർദ്ധനവിന് കാരണമായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ലോട്ടറി മേഖലയുടെ തകർച്ചയ്ക്ക് വഴിയൊരുക്കാൻ സാധ്യതയുള്ള നികുതി പരിഷ്കരണത്തിന്റെ അനന്തര ഫലങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്തെ ലോട്ടറി മേഖലയിലെ തൊഴിലാളികളെയും കുടുംബാംഗങ്ങളെയും ബാധിക്കുന്ന നികുതി പരിഷ്കരണം പിൻവലിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പരിഷ്കരണം പിൻവലിക്കുവാൻ കേന്ദ്ര സർക്കാർ തയ്യാറാകാത്ത സാഹചര്യത്തിൽ ഈ മേഖലയെ സംരക്ഷിക്കുന്നതിനായി സംസ്ഥാന സർക്കാർ നടത്തുന്ന ഇടപെടലുകൾ വിശദമാക്കുമോ?

**<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി</u>**

*186 **ശ്രീ. കെ. പ്രേംകുമാർ**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വ്യവസായ വകുപ്പിന് കീഴിലുള്ള ഏതൊക്കെ സ്ഥാപനങ്ങളാണ് പുതിയതായി ഉല്പന്നങ്ങൾ വിപണിയിൽ ഇറക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) വ്യവസായ വകുപ്പിന്റെ എഞ്ചിനീയറിംഗ് സെക്ടറിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച കാതലായ നടപടികൾ വിശദമാക്കുമോ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങളുടെ വിപണനത്തിനായി നടപ്പാക്കിയിട്ടുള്ള ഇ-കൊമേഴ്സ് സംവിധാനത്തെ കുറിച്ച് വിശദമാക്കുമോ;

(ഇ) പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി കുടിശിക തീർപ്പാക്കുന്നതിനായി പ്രത്യേക ധനസഹായം വകയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

## ജി. എസ്. ടി. പരിഷ്കരണം ആഭ്യന്തര വിപണിയിൽ ഉണ്ടാക്കുന്ന പ്രതിഫലനം

*187 **ശ്രീ. നജീബ് കാന്തപുരം**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. എസ്. ടി. പരിഷ്കരിക്കുന്നതിലൂടെ നികുതി കുറയുന്നതിനനുസരിച്ച് ഉല്പന്നങ്ങളുടെ വിലയിലും കുറവ് ഉണ്ടാകുമെന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) നികുതി കുറയുന്നതിന്റെ ആനുകൂല്യം ഉല്പന്നങ്ങളുടെ അടിസ്ഥാന വില ഉയർത്തി ഉല്പാദകർ തട്ടിയെടുക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) നികുതി ഘടനയിലെ മാറ്റങ്ങൾ ആഭ്യന്തര വിപണിയിൽ എങ്ങനെ പ്രതിഫലിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കാർബൺ ന്യൂട്രൽ സംസ്ഥാനമായി മാറ്റുന്നതിനുള്ള പദ്ധതികൾ

*188 **ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. എം.വിജിൻ**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർബൺ ന്യൂട്രലായി മാറ്റുന്നത് ലക്ഷ്യമിട്ട് വൈദ്യുതി മേഖലയിൽ നടത്തുന്ന ഇടപെടലുകൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ അംഗൻവാടികളിൽ കാർബൺ ന്യൂട്രൽ ഊർജ്ജ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ട് നടപ്പാക്കുന്ന അംഗൻജ്യോതി പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വിശദമാക്കാമോ;

(സി) ഊർജ്ജ സംരക്ഷണത്തിനും കാര്യക്ഷമമായ വൈദ്യുതി ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് എനർജി മാനേജ്മെന്റ് സെന്റർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഡി) ഊർജ്ജ കാര്യക്ഷമതയിൽ രാജ്യത്തിന് മാതൃകയായി സംസ്ഥാനം നടത്തുന്ന ഇടപെടലുകളുടെ ഭാഗമായി ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത നേട്ടം കൈവരിക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകാമോ?

## വ്യവസായരംഗത്ത് നൂതന സാങ്കേതികവിദ്യ

*189 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ . മുഹമ്മദ് മുഹസിൻ**

**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ അത്യാധുനിക സാങ്കേതികവിദ്യയുടെ കേന്ദ്രമായി ലോകത്തിനുമുന്നിൽ അവതരിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നൂതന സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ മികച്ച വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് വ്യവസായ-വാണിജ്യ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) രാജ്യം റോബോട്ടിക്സ് മേഖലയിൽ ഉയർന്ന വളർച്ചാനിരക്ക് പ്രതീക്ഷിക്കുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ അനുകൂല സാഹചര്യം പൂർണ്ണമായും ഉപയോഗപ്പെടുത്താൻ സംസ്ഥാനം തയ്യാറെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തിന്റെ പുത്തൻ വ്യവസായ നയത്തിൽ മുൻഗണനാ മേഖലകളിലൊന്നായി റോബോട്ടിക്സിനെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ആരോഗ്യം, കൃഷി, വ്യവസായ ഓട്ടോമേഷൻ എന്നീ മേഖലകളിൽ റോബോട്ടിക്സിനെ വ്യാപകമായി സംയോജിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>സൗരോർജ്ജ വൈദ്യുതി സൗജന്യമായി ലഭ്യമാക്കാൻ നടപടി</u>

*190 **ശ്രീ. ആന്റണി ജോൺ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. എം. എം. മണി**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ദുർബല വിഭാഗങ്ങൾക്കും ഇടത്തരക്കാർക്കും മുതൽമുടക്കില്ലാതെ സൗജന്യമായി സൗരോർജ്ജ വൈദ്യുതി എത്തിക്കുന്നതു സംബന്ധിച്ചുള്ള നിർദേശങ്ങൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നിർദേശം കൂടാതെ വൈദ്യുതി ഉപഭോക്താക്കൾക്ക് ഗുണകരമായ റിന്യൂവബിൾ എനർജി ആന്റ് റിലേറ്റഡ് മാറ്റേഴ്സ് റെഗുലേഷൻസ് 2025-ലെ മറ്റ് നിർദേശങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കായി സൗജന്യ വൈദ്യുതി എത്തിക്കുന്നത് ലക്ഷ്യമാക്കി നടപ്പാക്കുന്ന മറ്റ് പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ?

## <u>നാനോ വ്യവസായ പദ്ധതി</u>

*191 **ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായവകുപ്പിന് കീഴിൽ വീടുകളിൽ നാനോ വ്യവസായ പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം ഇളവുകളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) നാനോ വ്യവസായ യൂണിറ്റുകളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽനിന്ന് ഒഴിവാക്കുന്നതിനും അവയുടെ വളർച്ചയ്ക്ക് ആവശ്യമായ പ്രോത്സാഹനം നൽകുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## <u>വൈദ്യുതോല്പാദനത്തിൽ സ്വയംപര്യാപ്തത</u>

*192 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതോല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് പഠനം നടത്താൻ കെ. എസ്. ഇ. ബി. വിദഗ്ധ സംഘങ്ങളെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) നിലവിലുള്ള ജലവൈദ്യുത പദ്ധതികളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും പമ്പ്ഡ് സ്റ്റോറേജ് പദ്ധതി ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) സൗരോർജ വൈദ്യുതി ശേഖരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>വൈദ്യുതി മേഖലയെ സ്വകാര്യവത്കരിക്കാനുള്ള നീക്കം</u>

*193 **ശ്രീ വി ശശി**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖലയെ സ്വകാര്യവത്ക്കരിക്കാനും കോർപ്പറേറ്റുകൾക്ക് അടിയറ വയ്ക്കാനുമുള്ളതായി പറയപ്പെടുന്ന കേന്ദ്ര സർക്കാരിന്റെ നീക്കങ്ങളെ പ്രതിരോധിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കാർഷിക മേഖലയെ സഹായിക്കുകയെന്ന നിലവിലെ സർക്കാരിന്റെ പ്രഖ്യാപിത നയത്തിനനുസരിച്ച് കാർഷിക മേഖലയിലെ മൂല്യവർദ്ധിത സംരംഭകർക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) വൈദ്യുതി ലഭ്യമല്ലാത്ത ആദിവാസി ഊരുകൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്ന കാര്യത്തിൽ പ്രത്യേക പരിഗണന നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ആദിവാസി

നഗറുകളിലെ വൈദ്യുതീകരണം എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ;

(ഡി) വൈദ്യുതി വിതരണ ശൃംഖലയുടെ പരിധിയിൽ വരാത്ത വിദൂര പ്രദേശങ്ങളിലെ വീടുകൾക്ക് വൈദ്യുതി എത്തിക്കാൻ ഉചിതമായ സാങ്കേതികവിദ്യാ സഹായം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>സ്വർണ്ണപ്പാളികളുടെ ഭാരം കുറഞ്ഞ സംഭവത്തിൽ അന്വേഷണം</u>**

*194 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 -ൽ ശബരിമല ശ്രീകോവിലിലെ ദ്വാരപാലക ശില്പം പൊതിഞ്ഞ സ്വർണ്ണപാളിയും പീഠവും അറ്റകുറ്റ പ്രവൃത്തികൾക്കുശേഷം തിരിച്ചെത്തിച്ചപ്പോൾ സ്വർണ്ണപാളികളുടെ ഭാരം നാലര കിലോയോളം കുറഞ്ഞുവെന്ന ഹൈക്കോടതി കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹൈക്കോടതി നടത്തിയ പ്രസ്തുത കണ്ടെത്തലിന്മേൽ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സംഭവത്തിന്മേൽ വകുപ്പ് അന്വേഷണം നടത്തുമോ; വിശദമാക്കാമോ?

**<u>ജി. എസ്. ടി. പരിഷ്കാരങ്ങൾ ജനങ്ങളിൽ എത്തിക്കാൻ നടപടി</u>**

*195 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ജി. എസ്. ടി. പരിഷ്കാരങ്ങൾ ഉൾപ്പെട്ട 5%, 12%, 18%, 28% തുടങ്ങിയ നികുതി സ്ലാബുകളിൽ നിന്ന് സംസ്ഥാനത്തിന്റെ മൊത്ത നികുതി വരുമാനത്തിന്റെ എത്ര ശതമാനമാണ് ലഭ്യമായിരുന്നുവെന്നത് വിശദമാക്കാമോ;

(ബി) മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഈ സ്ലാബുകളിൽ കേരളത്തിന്റെ നികുതി വിഹിതം താരതമ്യം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പരിഷ്കാരം മൂലം സാധന-സേവനങ്ങൾക്കായുള്ള നിരക്കിൽ ഉണ്ടാകുന്ന കുറവ് ജനങ്ങളിൽ എത്തിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**<u>ശബരിമല ദ്വാരപാലക ശില്പം പൊതിഞ്ഞ സ്വർണ്ണപ്പാളി</u>**

*196 **ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**

**ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ൽ ശബരിമല ശ്രീകോവിലിലെ ദ്വാരപാലക ശില്പം പൊതിഞ്ഞ സ്വർണ്ണപ്പാളിയും പീഠവും അറ്റകുറ്റ പ്രവൃത്തികൾക്കായി ചെന്നൈയിലെ സ്ഥാപനത്തിൽ എത്തിക്കുന്നതിന് മുൻപ് ഒരു മാസത്തിൽ കൂടുതൽ ദേവസ്വം അധികൃതർ കൈവശം വച്ചിരുന്നു എന്ന ഹൈക്കോടതി കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ സ്വർണ്ണപ്പാളിയും പീഠവും അനധികൃതമായി കൈവശം വയ്ക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(സി) പ്രസ്തുത സംഭവത്തിന് ശേഷം സ്വർണ്ണപ്പാളിയുടെ ഭാരം കുറഞ്ഞു എന്ന് കോടതി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

## സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ നടപടി

*197 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെയ്സ് ആൻഡ് മീൻസ് പരിധി 25 ലക്ഷത്തിൽ നിന്നും 10 ലക്ഷമായി കുറച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

## ശബരിമലയിലെ സ്വർണ്ണപ്പാളിയുടെ അറ്റകുറ്റപ്പണി

*198 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ സ്വർണ്ണപ്പാളി അടക്കമുള്ള വിലകൂടിയ വസ്തുക്കൾ അറ്റകുറ്റ പ്രവൃത്തികൾക്കായി കൊണ്ട് പോകുന്നതിന് ഹൈക്കോടതിയുടെ മുൻകൂർ അനുമതി വേണമെന്ന് നിഷ്കർഷിക്കുന്നുണ്ടോ;

(ബി) എങ്കിൽ ശ്രീകോവിലിലെ ദ്വാരപാലക ശില്പം പൊതിഞ്ഞ സ്വർണ്ണപാളി അറ്റകുറ്റ ജോലികൾക്കായി ചെന്നൈയിലേക്ക് കൊണ്ടുപോയത് ഹൈക്കോടതിയുടെ അനുമതിയോടെ ആയിരുന്നോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

## അടിസ്ഥാന സൗകര്യവികസന മേഖലയിൽ കിഫ്ബി നടത്തുന്ന പ്രവർത്തനങ്ങൾ

*199 **ശ്രീ. പി. നന്ദകുമാർ**

**ശ്രീ. ഐ. ബി. സതീഷ്**

**ശ്രീ. എം.വിജിൻ**

**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനായി കിഫ്ബി നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) രൂപീകരണ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്ന വിധം കിഫ്ബിയെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) കിഫ്ബി പൊതുമരാമത്ത് നിർമ്മാണ മേഖലയിൽ എത്ര രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ വ്യവസായ രംഗത്ത് കിഫ്ബി നടപ്പാക്കുന്ന പദ്ധതികളുടെ ആകെ മൂല്യം എത്രയെന്ന് വിശദമാക്കാമോ?

## അനധികൃത ക്വാറികളുടെ പ്രവത്തനം നിരീക്ഷിക്കാൻ നടപടി

*200 **ശ്രീ. എ. കെ. എം. അഷ്റഫ്**

**ശ്രീ. യു. എ. ലത്തീഫ്**

**ശ്രീ. കുറുക്കോളി മൊയ്തീൻ**

**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്വാറികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) റവന്യൂ പുറംപോക്കുകളിൽ അനധികൃത പാറ ക്വാറികൾ പ്രവർത്തിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) ക്വാറിയിങ്ങിലെ നിയമ വിരുദ്ധ പ്രവർത്തനങ്ങളും അനധികൃത ഖനനവും കണ്ടെത്തി കർശന നടപടി സ്വീകരിക്കുന്നതിന് ഓരോ ജില്ലയിലും പോലീസ്, റവന്യൂ, മൈനിംഗ് ആന്റ് ജിയോളജി ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ലാ സ്ക്വാഡുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

## സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

*201 **ശ്രീ. പി.വി. ശ്രീനിജിൻ**

**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**

**ശ്രീ. കെ. പ്രേംകുമാർ**

**ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇടത്തര-വൻകിട വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനും വികസനത്തിനുമായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്തെ വ്യവസായ വികസനത്തിന് മുതൽക്കൂട്ടാകുന്ന തരത്തിൽ വിവിധ വ്യവസായ പാർക്കുകളെ പ്രവർത്തന സജ്ജമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള വിവിധ വ്യവസായ ഇടനാഴികളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## ശബരിമല ശ്രീകോവിലിലെ ദ്വാരപാലക ശില്പം പൊതിഞ്ഞ സ്വർണ്ണപാളി

*202 **ശ്രീമതി ഉമ തോമസ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ൽ ശബരിമല ശ്രീകോവിലിലെ ദ്വാരപാലക ശില്പം പൊതിഞ്ഞ സ്വർണ്ണപാളിയും പീഠവും അറ്റകുറ്റ പ്രവൃത്തികൾക്കായി കൊണ്ടുപോയി തിരിച്ചു കൊണ്ടുവന്നപ്പോൾ ഭാരം രേഖപ്പെടുത്തിയിരുന്നില്ലെന്ന ഹൈക്കോടതിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയുടെ ഭാരം രേഖപ്പെടുത്താത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) 1999-ൽ സ്വർണ്ണം പൂശിയ പാളി 2019-ൽ വീണ്ടും സ്വർണ്ണം പൂശാനുണ്ടായ കാരണം വ്യക്തമാക്കാമോ?

## സഹകരണ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത

*203 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ, സാമൂഹിക, സാമ്പത്തിക ക്ഷേമ രംഗങ്ങളിൽ സഹകരണ മേഖലയുടെ ഇടപെടൽ കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ഐ. ടി., സയൻസ് ആൻഡ് ടെക്നോളജി പ്രൊഫഷണലുകളുടെ ക്ഷേമത്തിനായി കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത സൊസൈറ്റി വഴി ഐ. ടി. പ്രൊഫെഷണലുകൾക്ക് റീ സ്കിൽ - അപ് സ്കിൽ ട്രെയിനിങ്ങുകൾ, വിവിധ സോഫ്റ്റ്‌വെയർ സർവീസസ് എന്നിവ നടപ്പിലാക്കുവാൻ

ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) കുറഞ്ഞ ചെലവിൽ അഴിമതിരഹിതമായും ഗുണമേന്മയോടെയും നിർമ്മാണങ്ങൾ നടത്താനുള്ള കേരളത്തിന്റെ ബദൽ മാതൃകയായി തൊഴിൽകരാർ സഹകരണ സംഘങ്ങൾ മാറിയിട്ടുണ്ടോ; വിശദമാക്കാമോ?

**കെ. എസ്. ഇ. ബി. ജീവനക്കാരുടെ സുരക്ഷ**

*204 **ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. യുടെ വിതരണ വിഭാഗത്തിലെ ജോലികൾക്കിടയിൽ സുരക്ഷാ വീഴ്ച മൂലം മരണം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ ജോലികളും അംഗീകൃത എഞ്ചിനീയറുടെ മേൽനോട്ടത്തിൽ നടത്തുന്നതിനാവശ്യമായ നിർദേശം നൽകുമോ;

(സി) സുരക്ഷാ നിർദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**പതിനാറാം ധനകാര്യ കമ്മീഷൻ**

*205 **ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ . കെ .ഡി .പ്രസേനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാറാം ധനകാര്യ കമ്മീഷൻ തീർപ്പുകൾ സംബന്ധിച്ച റിപ്പോർട്ട് എന്ന് പ്രസിദ്ധീകരിക്കുമെന്നാണ് സർക്കാർ കരുതുന്നത്; സംസ്ഥാനത്തിന് ഗുണകരമാകുന്ന എന്തൊക്കെ ശിപാർശകൾ പ്രസ്തുത റിപ്പോർട്ടിൽ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(ബി) മുൻകാല ധനകാര്യ കമ്മീഷൻ തീർപ്പുകളിൽ നേരിട്ട വിവേചനം പരിഹരിക്കുന്നതിനും സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ കൂടുതൽ പുരോഗതിയിലേയ്ക്ക് നയിക്കുന്നതിനും സഹായകമായ ഏതെല്ലാം നിർദേശങ്ങളാണ് ധനകാര്യ കമ്മീഷൻ മുമ്പാകെ അവതരിപ്പിച്ചിട്ടുള്ളത്; വിശദ വിവരം നൽകുമോ;

(സി) പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിൽ നികുതി വിന്യാസത്തിൽ ഉണ്ടായ കുറവ് എത്രയാണ്; ഈയിനത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ ആകെ എത്ര തുകയാണ് കുറവ് വന്നതെന്ന് വ്യക്തമാക്കുമോ?

**കടൽ മണൽ ഖനനവുമായി ബന്ധപ്പെട്ട കേന്ദ്ര നിയമം**

*206 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽ മണൽ ഖനനവുമായി ബന്ധപ്പെട്ട കേന്ദ്ര നിയമം ധാതുക്കൾ ശേഖരിക്കാനുള്ള അവകാശം സ്വകാര്യ മേഖലയ്ക്ക് നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമം മൂലം കരിമണലിന്റെ അവകാശം സംസ്ഥാന സർക്കാരിന് നഷ്ടമാകാൻ സാധ്യതയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിന്റെ പ്രവർത്തനത്തെ ഈ നിയമം എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## വിഴിഞ്ഞം തുറമുഖം

*207 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ ആരംഭത്തോട് കൂടി സംസ്ഥാനത്തിന് ലഭിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) വിഴിഞ്ഞം പദ്ധതിയിൽ തദ്ദേശീയർക്ക് തൊഴിൽ സംവരണം നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

## ആഗോള അയ്യപ്പ സംഗമം

*208 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയുടെ സമഗ്ര വികസനം ചർച്ച ചെയ്യുന്നത് ലക്ഷ്യമിട്ട് സംഘടിപ്പിച്ച ആഗോള അയ്യപ്പ സംഗമത്തിൽ ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള നിർദേശങ്ങൾ ക്രോഡീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ശബരി റെയിൽപ്പാതയുമായി ബന്ധപ്പെട്ട് സമ്മേളനത്തിൽ വന്നിട്ടുള്ള നിർദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ശബരിമല വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട വികസന പ്രശ്നങ്ങൾ ആഗോള അയ്യപ്പ സംഗമം ചർച്ച ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## ജലവൈദ്യുത പദ്ധതികളുടെ സാധ്യതകൾ

*209 **ശ്രീ. എ. രാജ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവൈദ്യുത പദ്ധതികളുടെ കൂടുതൽ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പാരിസ്ഥിതിക പ്രശ്നങ്ങൾ കാരണം അനുമതി ലഭ്യമാകാതെ തടസ്സപ്പെട്ടിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും സമയബന്ധിതമായി അനുമതികൾ നേടിയെടുത്ത് പ്രസ്തുത പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(സി) ജലവൈദ്യുത പദ്ധതികൾ സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഹൈഡൽ ടൂറിസം പദ്ധതികളായി വികസിപ്പിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഹൈഡൽ ടൂറിസം മേഖലയിലെ കൂടുതൽ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; പാരിസ്ഥിതികാനുമതികൾ വൈകുന്നതിനാൽ പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

## ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടി

*210 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ വി ശശി**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും എൻഫോഴ്സ്മെന്റ് ഓഫീസുകൾ, കലക്ടറേറ്റുകൾ തുടങ്ങിയ സർക്കാർ, സർക്കാർ അനുബന്ധ സ്ഥാപനങ്ങൾ എന്നിവയിലും ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇലക്ട്രിക് വാഹന ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻഡക്ഷൻ ചാർജ്ജിംഗ്, വെഹിക്കിൾ-ടു-ഗ്രിഡ് സാങ്കേതികവിദ്യ, അൾട്രാ ഫാസ്റ്റ് ചാർജ്ജറുകൾ തുടങ്ങിയ പുതുതലമുറ ഇ. വി. ചാർജ്ജിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇ. വി. ചാർജിംഗ് സ്റ്റേഷനുകളിൽ സുഗമമായ ചാർജിംഗിനും വിശ്രമത്തിനും ഒരു പോലെ അവസരം ഒരുക്കുന്നതിനായി റിഫ്രഷ് ആൻഡ് റീചാർജ് പദ്ധതി പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2025 സെപ്റ്റംബർ 27, ശനി

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

**<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>**

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].